പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
ചോദ്യം നമ്പർ: 1560 03-10-2011-ൽ മറുപടിയ്ക്ക്

<u>അലങ്കാരമത്സ്യം കയറ്റുമതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) മത്സ്യ വകുപ്പിനുകീഴിലുള്ള 'കാവിൽ ' മുഖേന, കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ അലങ്കാര മത്സ്യം കയറ്റുമതി ചെയ്തുവെന്ന് വ്യക്തമാക്കാമോ; അടുത്ത വർഷം എത്ര ടൺ കയറ്റുമതിക്ക് ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കുമോ : | എ) 'കാവിൽ ' മുഖേന, കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) ഏകദേശം 1.50 ലക്ഷം അലങ്കാരമത്സ്യങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. 2011-12 വർഷം 35 ലക്ഷം രൂപ വിലയുള്ള ഉദ്ദേശം അഞ്ച് ലക്ഷം മത്സ്യങ്ങളെ കയറ്റുമതി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) ഇതിനായി നിലവിലുണ്ടായിരുന്ന പദ്ധതികളും പുതുതായി ആവിഷ്കരിച്ച പദ്ധതികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ? | ബി) അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് ആലുവായിലെ കിഴക്കേകടുങ്ങല്ലൂരിൽ അക്വാപാർക്ക് സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ ഘടകങ്ങളായി ഇതിനോടകം 6 എക്സ്പോർട്ട് ഹബ്ബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അലങ്കാരമത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിപണനത്തിന് പാകപ്പെടുത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഇതിനോടകം 500 ഓളം ഹോംസ്റ്റഡ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിൽ ബ്രൂഡ് ഫാമും പ്രവർത്തിക്കുന്നു. പദ്ധതിക്കാവശ്യമായ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് നെയ്യാറിൽ 11 ഏക്കർ സ്ഥലത്ത് ഒരു സാറ്റ്ലൈറ്റ് ഫാം പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം മറ്റൊരു സാറ്റ്ലൈറ്റ് ഫാമിന്റെ നിർമ്മാണ പ്രവർത്തനം ചാലക്കുടിയ്ക്കടുത്ത് പുരോഗമിച്ചു വരുന്നു. അക്വാപാർക്കിൽ നിലവിലുള്ള ആറ് ഹബ്ബുകൾക്കുപുറമേ രണ്ട് എക്സ്പോർട്ട് ഹബ്ബുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വിദേശത്തേക്കുള്ള കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഫിലിപ്പൈൻസ്, റഷ്യ, മിഡിൽഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽ വ്യാപാരകരാറുകൾ ഉണ്ടാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ